Onam Sale : Godrej targets 50% growth

# ഓണവില്പന: ഗോദ്റെജിൻെറ ലക്ഷ്യം 50 ശതമാനം വളർച്ച

കൊച്ചി: ഗോദ്റെജ് അപ്ലയൻസസ് ഇത്തവണത്തെ ഓണം വില്പനയിൽ 50 ശതമാനം വളർച്ച ലക്ഷ്യമിടുന്നതായി വൈസ് പ്രസിഡൻറ് (സെയിൽസ് ആൻഡ് മാർക്കറ്റിങ്) കമൽ നന്ദി, ജനറൽ മാനേജർ (മാർക്കറ്റിങ്) രമേഷ് ചെമ്പാത്ത് എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു. മുൻവർഷ ഓണം വില്പനയായ 52 കോടി രൂപയിൽനിന്ന് ഈ വർഷം 80 കോടിയിലെത്തിക്കാനാണ് പദ്ധതി. ഇത്തവണ ഗോദ്റെജിൻെറ ടെലിവിഷൻ കൂടി വിപണിയിലുണ്ടാവുമെന്നതാണ് പ്രത്യേകത. ഇക്കഴിഞ്ഞ ഏപ്രിലിലാണ് ഗോദ്റെജ് ആദ്യമായി ടെലിവിഷൻ അവതരിപ്പിച്ചത്. എൽഇഡി, എൽസിഡി ടെലിവിഷനുൾപ്പെടെയുള്ള ശ്രേണിയുമായാണ് ഗോദ്റെജിൻെറ വരവ്.



ഗോദ്റെജ് അപ്ലയൻസസിൻെറ ഓണം ഉത്പന്നശ്രേണി ജനറൽ മാനേജർ (മാർക്കറ്റിങ്) രമേഷ് ചെമ്പാത്തും വൈസ് പ്രസിഡൻറ് (സെയിൽസ് ആൻഡ് മാർക്കറ്റിങ്) കമൽ നന്ദിയും അവതരിപ്പിച്ചപ്പോൾ

നടപ്പുവർഷം അഞ്ചുശതമാനം വിപണി വിഹിതമാണ് കമ്പനിയുടെ ലക്ഷ്യം. ഇതിനുപുറമെ ഇയോൺ സീരീസിലുള്ള വാഷിങ്മെഷിനുകൾ, റഫ്രിജറേറ്റർ, എയർകണ്ടീഷണർ, മൈക്രോവേവ് ഓവൻ എന്നിവയെല്ലാം ലഭ്യമാക്കുന്നുണ്ട്. ഓട്ടോമാറ്റിക്, സെമി ഓട്ടോമാറ്റിക്, ഫ്രൻറ് ലോഡിങ് വാഷിങ് മെഷിനുകളുടെ പുതുനിര ജൂലായ് 27ന് അവതരിപ്പിക്കുമെന്ന് രമേഷ് ചെമ്പാത്ത് പറഞ്ഞു.

ഗോദ്റെജ് ഉത്പന്നങ്ങൾ ഓണക്കാലത്ത് വാങ്ങുന്നവർക്ക് രണ്ടുകിലോ സ്വർണനാണയങ്ങളും മറ്റ് ഉറപ്പായ സമ്മാനങ്ങളും കമ്പനി പ്രഖ്യാപിച്ചു. ഒരു ഗ്രാം, എട്ടു ഗ്രാം, 50 ഗ്രാം എന്നിങ്ങനെയാണ് സ്വർണനാണയങ്ങളുടെ തൂക്കം. കഴിഞ്ഞ മൂന്നുവർഷമായി ഗോദ്റെജ് നൽകുന്ന സ്വർണ സമ്മാനങ്ങൾക്ക് വലിയ പ്രതികരണമാണുള്ളതെന്ന് അവർ ചൂണ്ടിക്കാട്ടി. നോൺസ്റ്റിക് അപ്പച്ചട്ടിയാണ് ഉറപ്പായ സമ്മാനം. സപ്തംബർ മൂന്നുവരെയാണ് ഈ ഓഫർ.

ഗോദ്റെജ് അപ്ലയൻസസ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 30 ശതമാനം വളർച്ച കൈവരിച്ചതായി കമൽ നന്ദി പറഞ്ഞു. അതേസമയം ഉപഭോക്തൃ ഇലക്ട്രോണിക്സ് മേഖലയുടെ ഇന്ത്യയിലെ വളർച്ചാ നിരക്ക് 12-15 ശതമാനം മാത്രമായിരുന്നു.